DWCD/1155/2022-ICDSB8

/8/2022

'ഭരണഭാഷ-മാതൃഭാഷ

നം. DWCD/1155/2022-ICDSB8

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര തിരുവനന്തപുരം.
തീയതി : 23-12-2022

ഇ-മെയിൽ- directorate.wcd@kerala.gov.in
ഫോൺ നമ്പർ 0471-2346534

## താൽപ്പര്യ പത്രം ക്ഷണിക്കുന്നു (പുനർ വിജ്ഞാപനം)

29.11.2022 തീയതിൽ മേൽ വിജ്ഞാപന പ്രകാരം ഇതേ വിഷയത്തിൽ വിജ്ഞാപനം ക്ഷണിച്ചിരുന്നുവെങ്കിലും മതിയായ അപേക്ഷകൾ ലഭ്യമാകാത്തതിനാൽ പുനർ വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

വനിതാ ശിശു വികസന വകുപ്പിലെ വിവിധ വിഭാഗം ജീവനക്കാർക്ക് മെച്ചപ്പെട്ട പരിശീലനം നല്കുന്നതിന് വനിതാ ശിശു വികസന വകുപ്പിന് കീഴിൽ കണ്ണൂർ പിണറായി ഗ്രാമ പഞ്ചായത്തിൽ ഒരു അപ്പെക്സ് ട്രെയിനിംഗ് സെന്റർ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നു. അപ്പെക്സ് ട്രെയിനിംഗ് സെന്ററിനായി മൂന്ന് നിലകളിലായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പുറമേ നിലവിലുള്ള ട്രെയിനിംഗ് സെന്റർ കെട്ടിടം, ഇതേ കോമ്പൗണ്ടിൽ തന്നെ പണിതിട്ടുള്ള ബാലഭവന്റെ രണ്ടാംഘട്ട നിർമ്മാണം എന്നിവയും പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി വിശദമായ മാസ്റ്റർപ്ലാനും വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ആകെ നിർമ്മാണ പ്രവർത്തനങ്ങൾക്കു വേണ്ടി വരുന്ന എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതുണ്ട്. ഇതിനായി Detailed Project Report (DPR) തയ്യാറാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിനാൽ അപ്പെക്സ് ട്രെയിനിംഗ് സെന്റർ സ്ഥാപിക്കുന്നതിനുള്ള DPR തയ്യാറാക്കുന്നതിനായി സർക്കാർ Accredited ഏജൻസികളിൽ നിന്ന് താല്പര്യപത്രം ക്ഷണിക്കുന്നു.

- ആകെ 28718.4 സ്ക്വയർ ഫീറ്റ് വരുന്ന കെട്ടിടം, 1883.7 സ്ക്വയർ ഫീറ്റ് വരുന്ന Open Air Theatre, 248 മീറ്റർ നീളത്തിൽ ഫൗണ്ടേഷൻ ഉൾപ്പെടെയുള്ള Compound Wall , 6 metre M.S Gate, 2260.4 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണത്തിൽ ഉള്ള ലാൻഡ്സ്കേപ്പ് ഏരിയ എന്നിവ നിർമ്മിക്കുന്നതിനുള്ള DPR ആണ് തയ്യാറാക്കേണ്ടത്.

- താല്പര്യപത്രം നല്കുന്ന ഏജൻസികൾ താല്പര്യപത്രത്തിനോടൊപ്പം പ്രസ്തുത പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്നതിന് അനുവദിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവ് കൂടി ഹാജരാക്കേണ്ടതാണ്.

താൽപ്പര്യ പത്രം അംഗീകരിക്കുന്നതും റദ്ദാക്കുന്നതും സംബന്ധിച്ച് അന്തിമ അധികാരം വനിത ശിശു വികസന ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും . നിശ്ചിത യോഗ്യതയുള്ള ഏജൻ സികളിൽ നിന്നുള്ള താൽപ്പര്യ പത്രം വനിത ശിശു വികസന ഡയറക്ടർ ,പൂജപ്പുര ,തിരുവനന്തപുരം - 695012 എന്ന മേൽ വിലാസത്തിൽ 10/01/2023 തീയതി 3 p m ന് മുൻപ് ലഭ്യമാകത്തക്കവിധം സമർപ്പിക്കേണ്ടതാണ്. സമയ പരിധി കഴിഞ്ഞു ലഭ്യമാകുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

വനിത ശിശു വികസന ഡയറക്ടർക്കു വേണ്ടി

പെൻ നമ്പർ-445126
വനിത ശിശുവികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം-695012